പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 821 **14-10-2026-ൽ മറുപടിയ്ക്ക്**

<u>ആലപ്പുഴ ജില്ലയിൽ സാമൂഹ്യ വനവത്കരണ പദ്ധതി</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സുധാകരൻ

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

(എ) 2021-22 മുതൽ 2025-26 വരെയുള്ള സാമ്പത്തികവർഷ കാലയളവിൽ ആലപ്പുഴ ജില്ലയിൽ സാമൂഹ്യ വനവത്കരണ പദ്ധതി മുഖേന നടപ്പിലാക്കിയ പദ്ധതികളെ , പദ്ധതിയുടെ പേര്, നടപ്പാക്കിയ വർഷം, പദ്ധതി ആരംഭിച്ച സ്ഥലം, ബന്ധപ്പെട്ട തദ്ദേശസ്ഥാപനം, പദ്ധതി ലക്ഷ്യം എന്നിങ്ങനെ ഇനം തിരിച്ച് വിശദാംശം നൽകാമോ;

<u>മറുപടി:</u> 2021-22 മുതൽ 2025-26 വരെയുള്ള സാമ്പത്തികവർഷ കാലയളവിൽ ആലപ്പുഴ ജില്ലയിൽ സാമൂഹ്യ വനവൽക്കരണ പദ്ധതി മുഖേന നടപ്പിലാക്കിയ പദ്ധതികളെ, പദ്ധതിയുടെ പേര്, നടപ്പാക്കിയ വർഷം, പദ്ധതി ആരംഭിച്ച സ്ഥലം, ബന്ധപ്പെട്ട തദ്ദേശസ്ഥാപനം, പദ്ധതി ലക്ഷ്യം എന്നിവ ഇനം തിരിച്ച് അനുബന്ധം 1 ആയി ചേർക്കുന്നു.

(ബി) 2021-22 മുതൽ 2025-26 വരെ ആലപ്പുഴ ജില്ലയിലെ സാമൂഹ്യ വനവത്കരണത്തിന് അനുവദിച്ച മൊത്തം തുകയും ചെലവഴിച്ച തുകയും ലാപ്സായ തുകയും എത്രയെന്ന് വർഷംതിരിച്ച് വ്യക്തമാക്കാമോ;

<u>മറുപടി:</u> 2021-22 മുതൽ 2025-26 വരെ ആലപ്പുഴ ജില്ലയിലെ സാമൂഹ്യ വനവൽക്കരണത്തിന് അനുവദിച്ച മൊത്തം തുകയും ചെലവഴിച്ച തുകയും ലാപ്സായ തുകയുടെ വിവരങ്ങളും അനുബന്ധം 2 ആയി ചേർക്കുന്നു.

(സി) സാമൂഹ്യ വനവത്കരണ പദ്ധതിയുടെ ഭാഗമായി വിതരണം ചെയ്യുന്ന തൈകൾ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള ചുമതല ആർക്കാണെന്ന് വ്യക്തമാക്കാമോ;

<u>മറുപടി:</u> സാമൂഹ്യ വനവൽക്കരണ പദ്ധതിയുടെ ഭാഗമായി വിതരണം ചെയ്യുന്ന തൈകൾ ഉൽപാദിപ്പിക്കുന്നതിന് നഴ്സറികൾ നിർമ്മിക്കുന്നതിനുള്ള ടെണ്ടർ ക്ഷണിക്കുമ്പോൾ ടെണ്ടർ വ്യവസ്ഥയിൽ ഗുണമേന്മയുള്ള വിത്തുകൾ മാത്രം ഉപയോഗിക്കണമെന്ന് നിഷ്കർഷിക്കുന്നു. ആയതിനുള്ള ഉത്തരവാദിത്തം ടെണ്ടർ ഏറ്റെടുക്കുന്ന ആളിലും , അതാത് റേഞ്ച് ഫോറസ്റ്റ് ഓഫീസർമാർ ആയത് ഉറപ്പാക്കുന്നുമുണ്ട്.

(ഡി) പ്രസ്തുത പദ്ധതി യഥാർത്ഥ ലക്ഷ്യം നേടാതെ എല്ലാ വർഷവും ജൂൺ 5 ന് വൃക്ഷതൈ വിതരണം ചെയ്യുന്ന രീതിയിൽ ചുരുങ്ങുകയും ആയതിലേയ്ക്ക് ക്രമാതീതമായി തുക ചെലവഴിക്കപ്പെടുകയും

ചെയ്യുന്നവെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ടോ;

<u>മറുപടി:</u> അത്തരത്തിലുള്ള വിലയിരുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) 2021-26 കാലയളവിൽ സ്കൂൾ കെട്ടിടങ്ങൾ പുതിയതായി നിർമ്മിച്ചതിൻെറ ഭാഗമായി ആലപ്പുഴ ജില്ലയിൽ നശിപ്പിക്കപ്പെട്ട വൃക്ഷങ്ങളുടെ കണക്ക് ലഭ്യമാണോ; എങ്കിൽ വൃക്ഷങ്ങളുടെ എണ്ണം നൽകാമോ;

<u>മറുപടി:</u> ജില്ലാതല ട്രീ കമ്മിറ്റികൾ 2021-24 (13.12.2024) വരെ സ്കൂൾ കെട്ടിടങ്ങൾ പുതിയതായി നിർമ്മിച്ചതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിൽ 59 വിവിധ ഇനത്തിൽപ്പെട്ട മരങ്ങൾ മുറിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്.

(എഫ്) കടലാക്രമണം തടയാൻ വച്ച് പിടിപ്പിക്കുന്ന കണ്ടൽ കാടുകൾ ആലപ്പുഴ ജില്ലയിൽ എത്രമീറ്റർ വച്ചുപിടിപ്പിച്ചിട്ടുണ്ടെന്നും എന്ത് വളർച്ചയായിയെന്നും അവയിൽ ഇപ്പോൾ കടപ്പുറത്ത് അവശേഷിക്കുന്നവ എത്രയെണ്ണമെന്നും ഇതുപോലെ കണ്ടൽ കാടുകൾ അമ്പലപ്പുഴ മണ്ഡലത്തിലേത് എവിടെയെന്നും വിശദമാക്കാമോ?

<u>മറുപടി:</u> കടലാക്രമണം തടയുന്നതിനായി ആലപ്പുഴ ജില്ലയുടെ തീരപ്രദേശത്ത് വനം വകുപ്പ് കണ്ടൽ തൈകൾ നട്ടുപിടിപ്പിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ

അനുബന്ധം 1

പദ്ധതിയുടെ പേര്	നടപ്പാക്കിയ വർഷം	പദ്ധതി ആരംഭിച്ച സ്ഥലം	ബന്ധപ്പെട്ട തദ്ദേശ സ്ഥാപനം	പദ്ധതിയുടെ ലക്ഷ്യം
ഹരിത കേരളം	2021-22 to 2025-26	ജില്ല ഒട്ടാകെ	ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എൻ.ജി.ഒ കൾ, പത്രമാധ്യമങ്ങൾ, യുവജന സംഘടനകൾ, ധർമ്മസ്ഥാപനങ്ങൾ, മത സ്ഥാപനങ്ങൾ തുടങ്ങിയവ	കാലാകാലങ്ങളായുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം സ്കൂളുകൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് സൗജന്യമായി തൈകൾ വിതരണം ചെയ്തും, പൊതുസ്ഥലങ്ങളിലും, മാധ്യമങ്ങൾ, യുവജന സംഘടനകൾ എന്നിവയ്ക്കായും തൈകൾ നട്ടുപിടിപ്പിച്ചുകൊണ്ട് കേരളത്തെ ഹരിതാഭമാക്കുക.

നഗരവനം	2022-23	1. ഗവ. ബോയ്സ് എച്ച്.എസ്.എസ് മാവേലിക്കര.	മാവേലിക്കര മുനിസിപ്പാലിറ്റി.	കേരളത്തിലെ നഗര അർദ്ധ നഗര വാസികൾക്ക് പ്രകൃതിദത്ത വനങ്ങളുടെ പ്രയോജനങ്ങൾ നൽകുക എന്നതാണ് നഗരവനം പദ്ധതിയുടെ മൊത്തത്തിലുള്ള ലക്ഷ്യം. തദ്ദേശീയ ഇനങ്ങളുടെ ഉയർന്ന സാന്ദ്രതയിൽ നടീൽ നടത്തി വിപുലമായ പൊതുജന പങ്കാളിത്തത്തോടെ ചെറിയ വന പ്രദേശങ്ങൾ സൃഷ്ടിക്കുക.
		2. ഡി.ബി എച്ച്.എസ് തകഴി	തകഴി ഗ്രാമ പഞ്ചായത്ത്	
		3. എസ്.എൻ സെൻട്രൽ സ്കൂൾ കായംകുളം.	കായംകുളം മുനിസിപ്പാലിറ്റി.	
		4. ബിഷപ്മൂർ കോളേജ് മാവേലിക്കര	തഴക്കര ഗ്രാമ പഞ്ചായത്ത്	
		5. ആമ്ഡ് പോലീസ് ക്യാമ്പ് ആലപ്പുഴ	ആലപ്പുഴ മുനിസിപ്പാലിറ്റി.	

		6. ചേർത്തല പോലീസ് സ്റ്റേഷൻ	ചേർത്തല മുനിസിപ്പാലിറ്റി	
		7. സെന്റ് ആന്റണീസ് എച്ച് എസ് എസ് കൊക്കോതമംഗലം.	തണ്ണീർമുക്കം ഗ്രാമ പഞ്ചായത്ത്.	
വിദ്യാവനം	2021-22	1. റ്റി.ഡി എച്ച്.എസ്.എസ് തുറവൂർ.	തുറവൂർ ഗ്രാമ പഞ്ചായത്ത്	സ്കൂൾ കോളേജ് പരിസരങ്ങളിൽ തദ്ദേശിയ ഇനങ്ങളുടെ നടീൽ നടത്തി ചെറിയ വന പ്രദേശങ്ങൾ സൃഷ്ടിടിച്ചുകൊണ്ട് രാജ്യത്തിന്റെ ഭാവി തലമുറകളിൽ വനങ്ങളുടെയും പ്രകൃതിയോടുമുള്ള സ്നേഹം വളർത്തിയെടുക്കുക.
		2. വി.വി.എച്ച്.എസ്.എസ് താമരക്കുളം	താമരക്കുളം ഗ്രാമ പഞ്ചായത്ത്	
		3. എ.ബി വിലാസം എച്ച്.എസ്.എസ് മുഹമ്മ.	മുഹമ്മ ഗ്രാമ പഞ്ചായത്ത്	
		4. മരിയ മോണ്ടിസോറി സെൻട്രൽ സ്കൂൾ അമ്പലപ്പുഴ	അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്ത്	
		5. എസ്.എം.എസ്. ജെ.എച്ച്.എസ് തൈക്കാട്ടുശ്ശേരി.	തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചായത്ത്	
		6. എസ്.എൻ കോളേജ് ചേർത്തല	മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്ത്	
		7. സെന്റ്. റാഫേൽ എച്ച്.എസ് എഴുപുന്ന	എഴുപുന്ന ഗ്രാമ പഞ്ചായത്ത്	
		8. സ്വാമി വിവേകാനന്ദ എച്ച്.എസ് പാണ്ടനാട്.	പാണ്ടനാട് ഗ്രാമ പഞ്ചായത്ത്	
		9. ഗവ. ഗേൾസ് എച്ച്.എസ് മാവേലിക്കര	മാവേലിക്കര മുനിസിപ്പാലിറ്റി	

		10. ക്രിസ്ത്യൻ കോളേജ് ചെങ്ങന്നൂർ	ചെങ്ങന്നൂർ മുനിസിപ്പാലിറ്റി	
		11. ശ്രീ വിജയേശ്വരി എച്ച.എസ്. എസ് ചെറിയനാട്.	ചെറിയനാട് ഗ്രാമ പഞ്ചായത്ത്	
		12. ആർ.വി. എസ്.എം.എച്ച്.എസ്.എസ് പ്രയാർ.	ദേവികുളങ്ങര ഗ്രാമ പഞ്ചായത്ത്	
		13. ഗവ. എച്ച്.എസ്.എസ് വിയ്യപുരം.	വീയ്യപുരം ഗ്രാമ പഞ്ചായത്ത്	
	2022-23	1. കെ.വി സംസ്കൃത എച്ച്.എസ്.എസ് മുതുകുളം.	മുതുകുളം ഗ്രാമ പഞ്ചായത്ത്	
		2. ഡി.ബി.എച്ച്. എസ്.എസ് ചെറിയനാട്.	ചെറിയനാട് ഗ്രാമ പഞ്ചായത്ത്	
		3. കാർമ്മൽ എഞ്ചിനീയറിംഗ് കോളേജ് പുന്നപ്ര.	പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്ത്	
		4. ഗവ. എച്ച്.എസ്.എസ് പെരുമ്പളം.	പെരുമ്പളം ഗ്രാമ പഞ്ചായത്ത്	
		5. എസ്.എൻ ട്രസ്റ്റ് എച്ച.എസ്.എസ് ചേർത്തല.	മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്ത്	
		6. എഞ്ചിനീയറിംഗ് കോളേജ് ചേർത്തല.	ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത്	
		7. എസ്.വി.ഡി യു.പി.എസ് പുറക്കാട്	പുറക്കാട് ഗ്രാമ പഞ്ചായത്ത്	
		8. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് &	പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്ത്	

		ടെക്നോളജി പുന്നപ്ര.		
		9. കോളേജ് ഓഫ് എഞ്ചിനീയറിംഗ് & മാനേജ്മെന്റ് പുന്നപ്ര.	പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്ത്	
		10. സെന്റ് ജോസഫ് എച്ച്.എസ്.എസ് പുന്നപ്ര.	പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്ത്	
വൃക്ഷ സമൃദ്ധി	2021-22 to 2023-24	ജില്ല ഒട്ടാകെ	ജില്ല ഒട്ടാകെയുള്ള തദ്ദേശ സ്ഥാപനങ്ങൾ	ഗ്രാമീണ മേഖലയിലെ കുടുംബങ്ങൾക്ക് ഒരു വർഷം പരമാവധി 100 അവിദഗ്ദ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കണം എന്ന ഉദ്ദേശ്യത്തോടു കൂടി നടപ്പിലാക്കുന്ന പദ്ധതിയാണ് തൊഴിലുറപ്പ് പദ്ധതി. വിവിധ വകുപ്പുകളുമായി സംയോജിപ്പിച്ച് നടപ്പിലാക്കുക വഴി പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഗ്രാമീണ മേഖലയിൽ കൂടുതൽ ആസ്തികൾ സൃഷ്ടിച്ച് ഗ്രാമീണ ജന വിഭാഗങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുകയാണ് ലക്ഷ്യം
തീരവനം	2021-22	അർത്തുങ്കൽ മുതൽ ചേന്നവേലി വരെയുള്ള കടൽ തീരങ്ങളിൽ	ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്ത്	തീരവനം പദ്ധതി പ്രകൃതി ദുരന്തങ്ങളിൽ നിന്ന് തീര പ്രദേശത്തെ സംരക്ഷിക്കുന്നതിനും
		ചെത്തി മുതൽ മാരാരിക്കുളം വരെയുള്ള കടൽ തീരങ്ങളിൽ	മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്ത്.	
	2022-23	പുന്നപ്ര - വാടയ്ക്കൽ മുതൽ അമ്പലപ്പുഴ	പുന്നപ്ര വടക്ക്, തെക്ക് ഗ്രാമ പഞ്ചായത്ത്, അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്ത്.	

		വരെയുള്ള കടൽ തീരങ്ങളിൽ		കടൽ തീരത്തെ മണ്ണൊലിപ്പും മണൽ ശോഷണവും തടയുന്നതിനും നാച്ചുറൽ ബയോ ഷീൽഡായും പ്രവർത്തിക്കുന്നതിനും തീരദേശ മേഖലയിലെ ജൈവവൈവിധ്യം പുനഃസ്ഥാപിക്കുന്നതിനും ലക്ഷ്യമിടുന്നു. ഇപ്രകാരം തീരവനം പദ്ധതി തീരദേശ സംരക്ഷണം തീര ശോഷണം തടയൽ, പരിസ്ഥിതി സമതുലിതാവസ്ഥ നിലനിർത്തൽ, വന വിസ്തൃതി വർദ്ധിപ്പിക്കൽ എന്നിങ്ങനെ ലക്ഷ്യമിടുന്നു.
വഴിയോര തണൽ	2021-22	എടത്വ – തായംകരി –കണ്ടങ്കരി – മങ്കൊമ്പ് റോഡ്	എടത്വ ഗ്രാമ പഞ്ചായത്ത് ചമ്പക്കുളം ഗ്രാമ പഞ്ചായത്ത് പുളിങ്കുന്നം ഗ്രാമ പഞ്ചായത്ത്	ദേശീയ, സംസ്ഥാന പാതകളുടെയും മറ്റ് പ്രധാന റോഡുകളുടെയും വശങ്ങളിൽ അനുയോജ്യമായ തണൽ വൃക്ഷങ്ങളും പൂമരങ്ങളും വെച്ച് പിടിപ്പിക്കുന്നത് വഴിയോരങ്ങളിൽ ഹരിതവൽക്കരണം ഉറപ്പാക്കുന്നു. വാഹനങ്ങളിൽ നിന്നുള്ള കാർബൺ മലിനീകരണം തടയുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.
	2022-23	പട്ടണക്കാട് , അമ്പലപ്പുഴ, വെളിയനാട് ബ്ലോക്കുകളിലെ വിവിധ പ്രദേശങ്ങളിൽ	പട്ടണക്കാട്, അമ്പലപ്പുഴ, വെളിയനാട് ബ്ലോക്കുകൾ	
	2023-24	ചേർത്തല – അരൂക്കുറ്റി റോഡ് സൈഡ്	അരൂക്കുറ്റി ഗ്രാമ പഞ്ചായത്ത്, ചേർത്തല മുനിസിപ്പാലിറ്റി, ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത്.	
		അമ്പലപ്പുഴ – ആനന്ദേശ്വരം - ഇല്ലിച്ചിറ റോഡ് സൈഡ്	പുറക്കാട് ഗ്രാമ പഞ്ചായത്ത്	
		കിടങ്ങറ – മുളക്കാന്തുരിത്ത് റോഡ് സൈഡ്.	വെളിയനാട് ഗ്രാമ പഞ്ചായത്ത്.	

ഇൻസ്റ്റിസ്റ്റൂഷണൽ പ്ലാന്റിംഗ്	2021-22	1. പുന്നപ്ര എൻ.എസ്.എസ് യു.പി.എസ്.	പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്ത്	പൊതു സ്ഥലങ്ങളിൽ സ്ഥാപനങ്ങൾ വഴിയുള്ള വൃക്ഷ തൈകൾ നടീൽ, പദ്ധതി വനേതര പ്രദേശങ്ങളിൽ വന വിസ്തൃതിയും പച്ചപ്പും ഉറപ്പാക്കി നഗര അർദ്ധ നഗര പ്രദേശങ്ങളിൽ കാർബൺ ഫുട് പ്രിന്റ് കുറക്കുന്നതിന് ലക്ഷ്യമിടുന്നു.
		2. സെന്റ് റാഫേൽ എച്ച്.എസ്.എസ് എഴുപുന്ന.	എഴുപുന്ന ഗ്രാമ പഞ്ചായത്ത്	
		3. ഗവ. വുമൺസ് കോളേജ് കായംകുളം.	കായംകുളം മുനിസിപ്പാലിറ്റി	
		4. ക്യാപ്റ്റൻ എൻ.പി.പി. എം.വി എച്ച്.എസ്.എസ് കട്ടച്ചിറ	ഭരണിക്കാവ് ഗ്രാമ പഞ്ചായത്ത്	
		5. ഗവ. ബോയ്സ് എച്ച്.എസ്.എസ് കായംകുളം.	കായംകുളം മുനിസിപ്പാലിറ്റി	
		6. പോപ് പയസ് എച്ച്.എസ്.എസ് കറ്റാനം.	ഭരണിക്കാവ് ഗ്രാമ പഞ്ചായത്ത്	
		7. മഹാത്മ ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ ചെന്നിത്തല.	ചെന്നിത്തല തൃപ്പെരുംതുറ ഗ്രാമ പഞ്ചായത്ത്.	
		8. സെൻട്രൽ ഹാച്ചറി ചെന്നിത്തല.	ചെങ്ങന്നൂർ മുനിസിപ്പാലിറ്റി	
	2022-23	ഭരണിക്കാവ് , മാവേലിക്കര, ചെങ്ങന്നൂർ, ചമ്പക്കുളം, ഹരിപ്പാട്, മുതുകുളം, വെളിയനാട്, ആര്യാട്, അമ്പലപ്പുഴ എന്നീ ബ്ലോക്കുകളിലെ വിവിധ സ്ഥാപനങ്ങളിൽ	ഭരണിക്കാവ്, മാവേലിക്കര, ചെങ്ങന്നൂർ, ചമ്പക്കുളം, ഹരിപ്പാട്, മുതുകുളം, വെളിയനാട്, ആര്യാട്, അമ്പലപ്പുഴ ബ്ലോക്കുകൾ	

	2023-24	ചേന്നം പള്ളിപ്പുറം പഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളിൽ	ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത്	
		ചേന്നം പള്ളിപ്പുറം ഇൻഡസ്ട്രിയൽ ഏരിയ	ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത്	
		മുതുകുളം, ചെങ്ങന്നൂർ, ഭരണിക്കാവ്, ഹരിപ്പാട്, മാവേലിക്കര, ചമ്പക്കുളം എന്നീ ബ്ലോക്കുകളിലെ വിവിധ സ്ഥാപനങ്ങളിൽ	മുതുകുളം, ചെങ്ങന്നൂർ, ഭരണിക്കാവ്, ഹരിപ്പാട്, മാവേലിക്കര, ചമ്പക്കുളം ബ്ലോക്കുകൾ	

കണ്ടൽ പ്ലാന്റിംഗ്	2021-22	പള്ളിത്തോട് കാരാളംതോട്	പട്ടണക്കാട് ഗ്രാമ പഞ്ചായത്ത്	വനത്തിനു പുറത്ത് വൃക്ഷാവരണം വർദ്ധിപ്പിക്കുക, മത്സ്യങ്ങൾക്ക് മുട്ടയിടുന്നതിന് സുരക്ഷിത താവളം, തീര ശോഷണം തടയുക, സൂക്ഷ്മ ജീവികളുടെയും ചെറു ജീവികളുടെയും അതിജീവനത്തിനു തകുന്ന ജൈവ മേഖലയായി കണ്ടൽ കാടുകൾ വർത്തിക്കുന്നു.
	2022-23 2023-24	പെരുമ്പളം ഐലന്റ്	പെരുമ്പളം ഗ്രാമ പഞ്ചായത്ത്.	
സ്കൂൾ നഴ്സറി യോജന		1. എസ്.വി. എച്ച്.എസ്.എസ് പാണ്ടനാട്	പാണ്ടനാട് ഗ്രാമ പഞ്ചായത്ത്	സ്കൂൾ നഴ്സറികളിൽ തൈകൾ വളർത്തുന്നതിൽ കുട്ടികളെ പങ്കാളികളാക്കുക അതുവഴി അവരെ പ്രകൃതി, പരിസ്ഥിതിയോട് കൂടുതൽ അടുപ്പിക്കുക, വിത്ത് മുളക്കലിന്റെയും സസ്യ വളർച്ചയുടെയും സ്വാഭാവിക പ്രക്രിയകൾ മനസ്സിലാക്കാൻ സഹായിക്കുക. കൂടാതെ തൈകൾ
		2. റ്റി.എസ്.എസ്. ജി.യു.പി.എസ് തകഴി	തകഴി ഗ്രാമ പഞ്ചായത്ത്	
		3. ജ്യോതി നികേതൻ ഇംഗ്ലീഷ് മീഡിയം സ്കൂൾ ആലപ്പുഴ.	പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്ത്	

		4. സെന്റ് റാഫേൽ എച്ച്.എസ് എഴുപുന്ന	എഴുപുന്ന ഗ്രാമ പഞ്ചായത്ത്	വളരുന്നത് കണ്ടറിയുന്നതിന്റെ ആനന്ദം അനുഭവിക്കാനും അവരെ പ്രാപ്തരാക്കുക എന്നിവയാണ് പദ്ധതി ലക്ഷ്യങ്ങൾ
		5. ഹോളി ഫാമിലി എച്ച്.എസ് കാട്ടൂർ	മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്ത്.	
ട്രീ ബാങ്കിംഗ്	2024-25	ട്രീ ബാങ്കിംഗ് പദ്ധതി ആലപ്പുഴ സാമൂഹ്യ വനവൽകരണ വിഭാഗത്തിന്റെ ചെങ്ങന്നൂർ, ആലപ്പുഴ റെയിഞ്ച് പരിധിയിലെ അർഹരായ 40 അപേക്ഷകരെ തെരഞ്ഞടുത്ത് തൈകൾ നൽകിയിട്ടുള്ളതാണ്.	ജില്ലയിലെ വിവിധ പഞ്ചായത്തു കളിൽ അധിവസിക്കുന്ന വ്യക്തികളിൽ നിന്ന് ലഭ്യമാകുന്ന അപേക്ഷകൾ.	പൊതുജനങ്ങൾ, കർഷകർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ വഴി തൈകൾ വെച്ചുപിടിപ്പിച്ച് സംരക്ഷിക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു.
കാവ് സംരക്ഷണം	2021-22	ആലപ്പുഴ ജില്ലയിലെ താമരക്കൽ വേനാട്ടുശ്ശേരി കാവ്, ചേരാവള്ളി മാത്രർ കാവ്, വെണ്മണി തോണ്ടത്ര കാവ്, കളർകോട് പൊട്ടത്തറ സർപ്പക്കാവ്, മാവേലിക്കര വാഴവടി പനയന്നാർ കാവ്	ജില്ലയിലെ വിവിധ പഞ്ചായത്തു കളിൽ അധിവസിക്കുന്ന വ്യക്തികളിൽ നിന്ന് ലഭ്യമാകുന്ന അപേക്ഷകൾ	അപൂർവ്വവും വംശനാശ ഭീഷണി നേരിടുന്നതുമായ ഔഷധ സസ്യങ്ങൾ,
	2022-23	ധനസഹായ വിതരണം ഫണ്ടിന്റെ അപര്യാപ്തത മൂലം നടത്തിയിട്ടില്ല.		
	2023-24	നൂറനാട് പാലമേൽ പറയാട്ട് കാവ്		
	2024-25	ചിങ്ങോലി കണ്ടലിൽ കുറ്റിയിൽ കാവ്, ചെങ്ങന്നൂർ അരീക്കര പോത്തൻ കളഞ്ഞി കാവ്, മാന്നാർ ചെറുതല കോമത്ത് കാവ്, ചേർത്തല ഈറത്തുമുക്ക് കാവ്, ചേന്നം പള്ളിപ്പുറം കായപ്പുറത്ത് ദുർഗ്ഗാക്ഷേത്ര കാവ്, കാർത്തികപ്പള്ളി		

		വാരണപ്പള്ളി കാവ്, ഹരിപ്പാട് പാട്ടശ്ശേരിൽ ക്ഷേത്ര കാവ്, ചേർത്തല തിരുനെല്ലൂർ കോലാഴത്ത് കാവ്, ചേർത്തല വയലാർ തുകലുകാട് കാവ്		തദ്ദേശീയ വൃക്ഷങ്ങൾ, വിവിധ ജീവജാലങ്ങൾ എന്നിവയുടെ സ്വാഭാവിക വാസ സ്ഥലമായ കാവുകളെയും അവയുടെ ജൈവ വൈവിധ്യത്തെയും സംരക്ഷിക്കുക, പ്രാദേശിക ഭൂഗർഭജല നിരക്ക് നിലനിർത്തുന്നതിനും സൂക്ഷ്മ കാലാവസ്ഥ ക്രമീകരിക്കുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. പ്രാദേശിക ജന വിഭാഗങ്ങളെയും കാവ് ഉടമകളെയും പങ്കാളികളാക്കി ക്കൊണ്ട് പ്രകൃതി സംരക്ഷണം ഉറപ്പാക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. വ്യക്തികൾ, കുടുംബങ്ങൾ, ട്രസ്റ്റുകൾ എന്നിവരുടെ ഉടമസ്ഥതയിലുള്ള കാവുകൾ സംരക്ഷിക്കുന്നതി നായി ജൈവ വേലി നിർമ്മാണം, തൈകൾ വെച്ച് പിടിപ്പിക്കൽ, കുളങ്ങളുടെ സംരക്ഷണം, മണ്ണ് സംരക്ഷൻ പ്രവൃത്തികൾ എന്നിവയ്ക്കായി പദ്ധതിയിലൂടെ സാമ്പത്തിക ധന സഹായം നൽകുന്നു.
	2025-26	തണ്ണിർമുക്കം മരുത്തോർവട്ടം കോമത്ത് കുടുംബ കാവ്, തകഴി പുലക്കടന്തറ കാവ്		

അനുബന്ധം 1

വർഷം	ബഡ്ജറ്റ് ഹെഡ്	അനുവദിച്ച തുക (in lakhs)	ചെലവഴിച്ച തുക (In lakhs)	ലാപ്സായ തുക (In lakhs)
2021-22	2406-01-101-78-01-00-EF	105.2	105.16897	0.03103
	2406-02-110-68-CBD	5.86	5.85559	0.00441
	2406-01-101-81-FP-34-OC-3 -Other Items	1.70	1.69987	0.00013
	2406-01-101-80-NWFP	2.80	2.79871	0.00129
	4406-01-070-99-ROADS	26.71	26.70868	0.00132
	2406-01-101-90-00-TRF	0.50	0.00	0.00050
	4406-01-101-99-00-SFB &FP	149.50	149.4707	0.02930
2022-23	2406-01-101-78-01-00-EF	72.4	72.39573	0.00427
	2406-02-110-68-CBD	8.325	8.32167	0.00333
	2406-01-101-90-00-TRF	1.38	1.33941	0.04059
	2406-01-101-81-FP-34-OC-3 -Other Items	1.00	0.99997	0.00003
	2406-04-103-99-04 CAMPA	16.50	16.50	0
	4406-01-101-99-00-SFB &FP	10.966	10.96228	0.00372
	2406-01-101-80-NWFP	3.00	2.99796	0.00204
2023-24	2406-01-101-78-01-00-EF	59.734	56.234	3.50
	2406-02-110-68-CBD	7.49	7.4825	0.00750
	2406-02-110-10-02-Wetland	2.13	2.13	0
	4406-01-070-99-ROADS	28.89	28.89	0
	4406-01-101-99-00-SFB &FP	40.12	40.12	0

	2406-01-101-80-NWFP	2.1181	2.11477	0.00333
	2406-01-101-81-FP-34-OC-3 -Other Items	0.66	0.6566	0.00340
	3452-01-102-95 Eco tourism	ആലപ്പുഴ പുറക്കാട് തീരമേഖലയിലെ കാറ്റാടി മര തോപ്പിൽ പരിസ്ഥിതി പഠന പരിപാടി എന്ന പദ്ധതിക്ക് G.O (RT)477/2023/ TSM dated 16.09.2023 പ്രകാരം 41 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിരുന്നുവെങ്കിലും ഫണ്ട് അനുവദിച്ച് ലഭിച്ചിരുന്നില്ല.		
2024-25	2406-01-101-78-01-00-EF	44.25	44.25	0
	2406-02-110-68-CBD	14.57	14.57	0
	2406-01-101-81-FP-34-OC-3 -Other Items	1.33025	1.24825	0.08200
	2406-01-101-80-NWFP	1.38166	1.37136	0.01030
	2406-04-103-99-04 CAMPA	65.9136	65.91242	0.00118
	2406-02-110-09-00-00-MRMAC	1.00	0.9938	0.00620
	4406-01-070-99-ROADS	22.25	22.24407	0.00593
2025-26	2406-01-101-78-01-00-EF	26.89703	26.1125	0.78453
	2245-02-101-94-01-00 Flood other items	10.00	8.02986	1.97014 (Revalidation request submitted)
	2406-04-103-99-04 CAMPA	4.70	4.68978	0.01022
	2406-01-101-81-FP-34-OC-3 -Other Items	1.02658	1.02658	0
	2406-02-110-68-CBD	1.93068	1.93068	0
	2406-01-101-80-NWFP	2.23495	2.23495	0
	2406-01-102-98-00-05-04 Eco development world bank assisted project	0.206	0.206	0
	2406-01-102-98-00-21-03 -Vehicle Insurance	0.26955	0.26955	0

	2406-02-110-09-00-00-M RMAC	0.43729	0.43729	0
	2406-04-103-99-05-34-03 CAMPA	1.77960	1.77960	0